# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *35 – 03/03/2020- ലെ മറുപടിക്ക്

## റവന്യൂ വർദ്ധനവിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. സി.കൃഷ്ണൻ
ശ്രീ. പി. ഉണ്ണി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | റവന്യൂ വരുമാനം പ്രതീക്ഷിത തലത്തിലേക്ക് ഉയർത്താൻ കഴിയാതിരുന്ന സാചര്യത്തിലും അനാവശ്യ ചെലവുകൾ മാത്രം നിയന്ത്രിച്ചും റവന്യൂ മൂലധന ചെലവുകൾ വർദ്ധിപ്പിച്ചും മാന്ദ്യം ഗ്രസിക്കാതെ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുകയെന്ന തന്ത്രത്തിന്റെ ഫലമായി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ദേശീയ നിരക്കിനെക്കാൾ വളർച്ച കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ; | നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും കേന്ദ്രസർക്കാരിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസവും പൂർണ്ണമായും ലഭിക്കാത്ത സ്ഥിതിയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഈ പ്രതികൂല സാഹചര്യത്തിലും വികസന/ക്ഷേമ പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. കൂടാതെ, ബജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതു നിക്ഷേപം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>വ്യവസായം, ഉൽപാദനം, മത്സ്യ ബന്ധനം എന്നീ മേഖലകളിൽ സംസ്ഥാനത്തിന് ഗണ്യമായ വളർച്ച കൈവരിക്കാൻ |

| | | |
|---|---|---|
| | | കഴിഞ്ഞിട്ടുണ്ട്. 2018-19 ൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 7.5 ശതമാനമാണ്. ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ്. |
| (ബി) | ശമ്പള പരിഷ്കരണം ഉൾപ്പെടെ വർദ്ധിത തോതിൽ പ്രതീക്ഷിക്കുന്ന റവന്യൂ ചെലവുകൾ ധനസ്ഥിതിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കാതിരിക്കാൻ തനതു നികുതി-നികുതിയേതര റവന്യൂ വർദ്ധനവിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>1. ജി.എസ്.ടി യ്ക്കു കീഴിൽ ഒരു ലക്ഷത്തോളം പുതിയ രജിസ്ട്രേഷനുകൾ ഉൾപ്പെടുത്തി നികുതി ശൃംഖല വിപുലീകരിയ്ക്കുക.<br>2. നികുതി വെട്ടിപ്പ് സാധ്യതയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും നിർബന്ധിത ഇ-ഇൻവോയിസുകൾ ഏർപ്പെടുത്തുന്നതാണ്.<br>3. നികുതി കടിശ്ശിക പിരിച്ചെടുക്കുന്നതിന് സമഗ്രമായ ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.<br>4. 2 ലക്ഷം വരെ വിലവരുന്ന മോട്ടോർ സൈക്കിളുകൾക്ക് ഒരു ശതമാനവും, 15 ലക്ഷം വരെ വില വരുന്ന മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ, സ്വകാര്യ ആവശ്യങ്ങൾക്കുള്ള മുച്ചക്ര വാഹനങ്ങൾ, കൺസ്ട്രക്ഷൻ വാഹനങ്ങൾ എന്നിവയുടെ നികുതിയിൽ രണ്ടു ശതമാനവും നികുതി വർദ്ധിപ്പിച്ചതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>5. ഫ്ലാറ്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് സെൻട്രൽ പി.ഡബ്ല്യൂ.ഡി യുടെ നിരക്ക് പ്രകാരം വില നിർണ്ണയിക്കുന്നതിന് കേരള സ്റ്റാമ്പ് ആക്റ്റിൽ ഭേദഗതി വരുത്തുന്നതുവഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>6. ഭൂമിയുടെ ന്യായവില 10% വർദ്ധിപ്പിക്കുന്നതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br>7. വൻകിട പ്രോജക്ടുകൾക്ക് അടുത്ത് നോട്ടിഫൈ ചെയ്യപ്പെടുന്ന ഭൂമിക്ക് വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയേക്കാൾ 30 % വരെ വില |

| | | |
|---|---|---|
| | | പുനർ നിർണ്ണയിക്കുന്നതാണ്.<br>8. താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന വാർഷിക ആഡംബര കെട്ടിട നികുതി പുതുക്കും.<br>9. റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയിൽ 30 ശതമാനത്തിൽ കവിയാത്ത വിധം യുക്തിസഹമായി പുനർ നിർണ്ണയിക്കും.<br>10. പോക്കുവരവിനുള്ള ഫീസ് വർദ്ധനവ്, ലൊക്കേഷൻ മാപ്പ്, തണ്ടപ്പേർ പകർപ്പ് എന്നിവയ്ക്കുള്ള ഫീസ് ഏർപ്പെടുത്തിയതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു. |
| (സി) | ധനസംബന്ധമായ ഉത്തരവാദിത്ത നിയമ ലക്ഷ്യം കൈവരിക്കുന്നതിന് നോട്ടുനിരോധനം, ജി.എസ്.ടി നടപ്പാക്കിയതിലെ പോരായ്മ തുടങ്ങിയ കേന്ദ്രസർക്കാർ നയങ്ങളും ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച പ്രശ്നം വിശകലനം ചെയ്തിട്ടുണ്ടോ; ലക്ഷ്യപ്രാപ്തിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തികനയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃതവായ്പ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ, രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾ നേരിടുന്ന |

| | | |
|---|---|---|
| | | സാമ്പത്തിക ഞെരുക്കം നേരിടുന്നതിന്റെ ഭാഗമായി, പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്.<br><br>നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകികൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**